പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി

43 (T* 2871) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ നടത്തിപ്പും ഫലപ്രാപ്തിയും ഓൺലൈൻ സംവിധാനമായ പ്ലാൻ സ്പേസ് വഴി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഓരോ വർഷവും പദ്ധതി നിർവ്വഹണം പിറകോട്ട് പോയിക്കൊണ്ടിരിക്കുകയാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്ലാൻ സ്പേസ് സമർപ്പിച്ച മോണിട്ടറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലപാട് വെളിപ്പെടുത്താമോ;

(സി) 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിലെ വാർഷിക പദ്ധതികളുടെ മൊത്തം തുകയും യഥാർത്ഥത്തിൽ പിൻവലിച്ച തുകയും എത്ര; മൊത്തം തുകയുടെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി എന്നറിയിയ്ക്കുമോ?

ഉത്തരം

(എ) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിലെ വിവിധ വാർഷിക പദ്ധതികളുടെ നിർവ്വഹണം പ്ലാൻ സ്പേസ് വഴി വിലയിരുത്തി വരുന്നുണ്ട്. പ്ലാൻ സ്പേസിൽ ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹു. ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുടെ പ്രതിമാസ അവലോകന യോഗത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതി വിഹിത വിനിയോഗത്തിന്റെ വളർച്ചാനിരക്ക് താഴെപ്പറയും പ്രകാരമാണ്.

വർഷം	പദ്ധതി അടങ്കൽ	വർദ്ധനവ് (ശതമാനത്തിൽ)	പദ്ധതി ചെലവ്	വർദ്ധനവ് (ശതമാനത്തിൽ)
2012-13	14010	16.65	14736.92	25.32
2013-14	17000	21.34	14901.29	1.12
2014-15	20000	17.64	15567.26	4.47
2015-16	20000	-	9605.74 (31-1-2016 വരെ)	

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2012-13 മുതലുള്ള പദ്ധതി വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശം താഴെ പറയുന്നു:

(രൂപ കോടിയിൽ)

വർഷം	പദ്ധതി അടങ്കൽ	ചെലവ്	ചെവല് ശതമാനം
2012-13	14010	14736.92	105.19
2013-14	17000	14901.29	87.65
2014-15	20000	15567.26	77.84
2015-16 (ജനുവരി 31 വരെ)	20000	9605.74	48

പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കാൻ നടപടി

44 (2872) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷൻ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജീവനക്കാരുടെ ശമ്പളം നിശ്ചയിക്കുന്നതിന് വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ ശമ്പളം യോഗ്യതാടിസ്ഥാനത്തിൽ ഉയർത്തുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ ഇവാല്യൂവേഷനും മോണിട്ടറിംഗും നടത്തുന്നതിന് 2007-ൽ നിയമിച്ച പ്രൊഫ എം. എ. ഉമ്മൻ നൽകിയ ശുപാർശ പരിഗണിച്ച് പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പത്താം ശമ്പള കമ്മീഷൻ 21-1-2016 തീയതിയായി ജി. ഒ. (പി.) നമ്പർ 10/2016/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ അനോമലികൾ ഉണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം പരിഹരിക്കുന്നതാണ്.

(ബി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ ഇവാല്യൂഷനും മോണിട്ടറിംഗും നടത്തുന്നതിന് 2007-ൽ നിയമിച്ച പ്രൊഫ. എം. എ. ഉമ്മൻ കമ്മിറ്റി നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് 12-2-2016-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly